# Athmaraksha.org

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## പ്രാർത്ഥന ജീവിതത്തെക്കുറിച്ചും, ജീവിതം പ്രാർത്ഥനയെക്കുറിച്ചും സംസാരിക്കുന്നു: ഫ്രാൻസിസ് പാപ്പ



മെക്സിക്കോ സിറ്റി: തിന്മയുടെ അതിപ്രസരമുണ്ടെന്ന് ലോകം എടുത്തുപറയുന്ന മെക്സിക്കോയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർക്കും സന്യസ്തർക്കും പിശാചിനെ തോൽപിക്കാനുള്ള കുറുക്കുവഴികൾ പറഞ്ഞുകൊടുത്ത് യഥാർത്ഥ ഇടയനായി ഫ്രാൻസിസ് പാപ്പ. ഒരു വ്യക്തിയുടെ പ്രാർത്ഥന അയാളുടെ ജീവിതത്തെക്കുറിച്ചും, ജീവിതം ആയാളുടെ പ്രാർത്ഥനയെക്കുറിച്ചും സംസാരിക്കുന്നു എന്ന പാപ്പയുടെ വാക്കുകൾ ഏറെ അർത്ഥവത്തായിരുന്നു.

അഴിമതിയും അക്രമവും മനുഷ്യനുനേരെയുള്ള തിന്മകളും പ്രബലപ്പെട്ടുവരുമ്പോൾ അതിൽ മനംനൊന്ത് പിന്മാറുവാൻ തോന്നുന്നുവെങ്കിൽ അത്തരം ചിന്ത പിശാചിൽനിന്നു വരുന്നുവെന്ന് ഫ്രാൻസിസ് പാപ്പ. പിന്മാറ്റചിന്ത കൊണ്ടുവരുന്നത് സാത്താനാണെന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിച്ചത് മെക്സിക്കോയിലെ വൈദികരെയും സന്യസ്തരെയും സെമിനാരിക്കാരെയുമാണ്. മെക്സിക്കോ സന്ദർശനത്തിന്റെ നാലാം ദിവസമായിരുന്നു ഇത്. 'അക്രമവും അഴിമതിയും മയക്കുമരുന്ന് കച്ചവടവും മനുഷ്യമഹത്വം തകർക്കുന്ന പ്രവർത്തികളും അരങ്ങുവാഴുമ്പോൾ നമുക്കുണ്ടാകുന്ന ഏറ്റവും വലിയ പ്രലോഭനം പിന്മാറാനും അത്തരം സാഹചര്യങ്ങൾക്കെതിരെ നിഷ്ക്രിയരായിരിക്കാനുമുള്ളതാണ്.' വിശുദ്ധ ഗ്രന്ഥത്തിൽ സ്വർഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന യേശു ശിഷ്യന്മാരെ പഠിപ്പിക്കുന്ന ഭാഗമാണ് പാപ്പ ധ്യാനവിഷയമായി എടുത്തത്. അതിൽതന്നെ 'പ്രലോഭനത്തിൽ ഞങ്ങളെ ഉൾപ്പെടുത്തരുതേ' എന്ന ചിന്തയും.

'പിശാചിന്റെ ഏറ്റവും വലിയ ആയുധമാണ് പിന്മാറാനുള്ള മനസ്സ് നമ്മിൽ രൂപപ്പെടുത്തുക എന്നത്. ഭയവും ആകുലതയും ഉത്കണ്ഠയും അരക്ഷിതാവസ്ഥയും മനസിലേക്ക് കൊണ്ടുവന്നാവും ഈ പിന്മാറ്റ ചിന്തയെ പിശാച് ബലപ്പെടുത്തുക. പഴയകാല ഓർമ്മകളിൽ കുടുങ്ങിക്കിടക്കാനും പിശാച് പ്രേരിപ്പിക്കും. നാം എത്ര ബലഹീനരാണെന്നും നമുക്കൊന്നും ചെയ്യാനാകില്ലെന്നും അവൻ നമ്മോട് മന്ത്രിക്കും. ലോകത്തുള്ള തിന്മ നമ്മിൽ തുടങ്ങിയതല്ലെന്നും നമ്മെക്കൊണ്ട് അവസാനിപ്പിക്കാനാകില്ലെന്നും മനസിൽ ചിന്തിപ്പിക്കും.

അങ്ങനെ പിന്മാറ്റം എന്ന വലിയ ആയുധം പിശാച് പ്രയോഗിക്കുമ്പോൾ നാം തളരരുത്.' പാപ്പ വൈദികരെയും സന്യസ്തരെയും ഓർമ്മിപ്പിച്ചു.

മുൻഗാമികളിൽനിന്ന് വ്യത്യസ്തമായി പ്രധാന നഗരങ്ങൾ കൂടാതെ ചില ചെറുഗ്രാമങ്ങളും പാപ്പ മെക്സിക്കോയിൽ സന്ദർശിക്കുകയുണ്ടായി. അങ്ങനെ ജനങ്ങളോട് അടുത്തിടപഴകിയുള്ള ഒരു സന്ദർശനമായിരുന്നു ഫ്രാൻസിസ് പാപ്പയുടേത്. മെക്സിക്കോയിലെ മിഷോകൻ സ്റ്റേറ്റിലാണ് സമർപ്പിതരുമായുള്ള കൂടിക്കാഴ്ച നടന്നത്. സന്ദേശത്തിലുടനീളം പ്രാർത്ഥനയും ജീവിതവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടായിരിക്കണം എന്ന ചിന്തയാണ് പാപ്പ പങ്കുവച്ചത്. ഇത് പ്രലോഭനത്തെ അതിജീവിക്കാൻ അനിവാര്യമാണ്. 'കാരണം, നമ്മുടെ പ്രാർത്ഥന ജീവിതത്തെപ്പറ്റിയും ജീവിതം പ്രാർത്ഥനയെപ്പറ്റിയും സംസാരിക്കുന്നു' പാപ്പ കൂട്ടിച്ചേർത്തു. ഏറെ അർത്ഥവത്തായ ആ വാക്കുകൾ കൈയ്യടിയോടെയാണ് വിശ്വാസികൾ സ്വീകരിച്ചത്. 'പ്രാർത്ഥന നാം പഠിക്കേണ്ടതുണ്ട്. പ്രാർത്ഥനയുടെ പരിശീലനം ജീവിതത്തിന്റെ പരിശീലനം തന്നെയാണ്. ജീവിതം വളരുന്നതിലൂടെയാണ് നമ്മുടെ പ്രാർത്ഥനയും വളരുന്നത്.'

'ആത്മീയ വ്യക്തികൾ ഒരിക്കലും ദൈവത്വത്തിന്റെ ഭരണകർത്താക്കളാകരുത്. ദൈവത്തിന്റെ ജോലിക്കാരുമാകരുത്. മറിച്ച്, ദൈവികജീവനിൽ പങ്കുകാരാകാൻ വിളിക്കപ്പെട്ടവരാണ് അവർ. അവിടുത്തെ ഹൃദയത്തിലേക്ക് നാം പ്രവേശിക്കണം. 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന വാക്കുകൾ ജീവിക്കാൻ വിളിക്കപ്പെട്ടവരാണ് നാം, പ്രാർത്ഥിക്കാൻ മാത്രം വിളിക്കപ്പെട്ടവരല്ല.' ഏറെ ഹൃദയസ്പർശിയായിരുന്നു പാപ്പയുടെ വിചിന്തനങ്ങൾ. 'നമ്മുടെ സഹോദരങ്ങളുടെ വേദനയും കണ്ണുനീരുമാണ് നമ്മുടെ പ്രാർത്ഥനകളാവേണ്ടത്. അനേകർ കരയുമ്പോൾ അതു നമ്മുടെ ജീവിതത്തെയും പ്രാർത്ഥനയെയും ചലിപ്പിക്കണം.' 16 ാം നൂറ്റാണ്ടിൽ മഷോകൻ മെത്രാനായിരുന്ന വാസ്കോ വാസ്ക്വസ് ദെ ക്വരോഗയുടെ ജീവിതം എടുത്തുപറഞ്ഞ് പാപ്പ വൈദികരെയും സന്യസ്തരെയും ഓർമ്മിപ്പിച്ചു.

കടപ്പാട്: us.sundayshalom.com